# കഥയിലെ കല

എൻ. വി. കൃഷ്ണവാരിയർ

## 1

മലയാളത്തിൽ ഇന്നേറ്റവും മുറ്റിത്തഴയ്ക്കുന്ന സാഹിത്യശാഖയേത് എന്ന ചോദ്യത്തിന് ഒരുത്തരമേ കിട്ടൂ: ചെറുകഥ. എഴുതപ്പെടുന്ന കഥകളുടെ എണ്ണമിരിക്കട്ടെ; അവയുടെ ഗുണം കണക്കാക്കിയാലും ഈ ഉത്തരം ശരിയായിരിക്കും. ചെറുകഥകളുടെ ഈ പെരുപ്പത്തിന് മറ്റു പല കാരണങ്ങളുടേയും കൂട്ടത്തിൽ നമ്മുടെ പ്രസിദ്ധീകരണവ്യവസ്ഥ—അതോ വ്യവസ്ഥയില്ലായ്മയോ?—കൂടി ഉത്തരവാദം വഹിക്കുന്നുണ്ട്. ആനുകാലികങ്ങളിൽ വെളിച്ചം കണ്ടവ സൌകര്യപ്പെട്ടപ്പോൾ സങ്കലനം ചെയ്യുക; അങ്ങിനെ, പാത്രം തിളപ്പിക്കാനൊത്തില്ലെങ്കിൽ ചൂടാറാതെ നിർത്താനെങ്കിലും ചെറുകഥാലേഖകനു കഴിഞ്ഞേക്കാം. കവിതയ്ക്ക് ധനമൂല്യം നന്നെ കുറവാണ്. നോവലോ, സമയവും വിഭവവും വളരെ മുടക്കേണ്ട ഒരു വൻകിട വ്യവസായവും. ജീവചരിത്രം, ലഘുപന്യാസം തുടങ്ങിയ മറ്റുസാഹിത്യശാഖകളും നോവലിന്റേയോ കവിതയുടേയോ കള്ളിയിൽ പെട്ടതാകുന്നവതന്നെ.

ഇതുകൊണ്ടെന്തുണ്ടായി? ഇത്തിരി വാസനയും അഭ്യാസവും ഉള്ളവരെല്ലാം കഥയിലേക്കു തിരിഞ്ഞു. ഉള്ളതുകൊണ്ട് ഭംഗിയാക്കാനുള്ള മലയാളിയുടെ വർഗ്ഗപ്രതിഭ ചെറുകഥയിൽ നല്ലപോലെ ശോഭിക്കുകയും ചെയ്തു. കുട്ടികൃഷ്ണനേയും ലളിതാംബികയേയും—എന്തിനു ബഷീറിനേയും—പോലെയുള്ളവർ കവിതവിട്ട് കഥയിലേക്കു കടന്നതിന്റെ കാരണം കഥയുടെ ഈ സാമ്പത്തികമൂല്യം കൂടിയല്ലേ? അവശ്യമില്ലാതെ, സാഹിത്യത്തിലായാൽക്കൂടി, അധികം സൃഷ്ടിയുണ്ടാവുക വയ്യല്ലോ.

അങ്ങിനെ നമ്മുടെ ചെറുകഥാശാഖ തഴച്ചുവന്നു. ഒന്നാംതരം കുറെ കഥകൾ നമുക്കു കൈവന്നു. കുഞ്ഞിക്കൃഷ്ണമേനോന്റെയും നാരായണപ്പൊതുവാളിന്റേയും കഥകളിൽനിന്ന് തകഴിയുടേയും പൊറ്റെക്കാട്ടിന്റേയും കഥകളിലേക്ക് എന്തൊരു ദീർഘയാത്രയാണ്! എത്ര ചുരുങ്ങിയസമയം കൊണ്ടാണ് നാം ഈ ദൂരം പിന്നിട്ടതെന്നാലോചിക്കുമ്പോൾ അത്ഭുതം തോന്നിപ്പോകുന്നു.

കഥകളിൽത്തന്നെ ചിലതരങ്ങളേ ഇവിടെ നല്ലപോലെ വിളഞ്ഞുള്ളു എന്ന സംഗതി ശ്രദ്ധിക്കേണ്ടതാണ്. ചരിത്രകഥകൾ എം. ആർ. കെ. സി. യുടെ കാലത്തു നിന്നു വളരെയൊന്നും വളരാതെ തന്നെ 'അസ്തമനി'ച്ചടഞ്ഞു. ശരിയായ 'കുറ്റകഥ'കൾ നമ്മുടെ നാട്ടിലുണ്ടായിട്ടുമില്ല. ഈ നാടിന്റെ ചരിത്രം ഇനിയും ശരിക്കെഴുതപ്പെട്ടിട്ടില്ലെന്നതു മാത്രമാണോ ആദ്യത്തേതിന്റെ കാരണം? രണ്ടാമത്തേതിനെസ്സംബന്ധിച്ചാണെങ്കിൽ കുറ്റവാസനകൾ നമുക്കു കുറവാണെന്നൊരൊഴികഴിവു പറയാൻ കൊള്ളാമോ? നമ്മുടെ പത്രങ്ങളിൽ—ദിനപത്രങ്ങളിൽ—ദിവസേനയെന്നോണം കാണുന്ന അത്ഭുതദർശനങ്ങളേയും ദിവ്യസന്യാസിമാരേയും പറ്റിയുള്ള 'കോഴിക്കാലുകഥ'കൾ നമ്മുടെ സെൻസേഷൻ രുചികരമാണെന്നു തെളിയിക്കാതിരിക്കുന്നില്ല. പിന്നെയെന്തേ നമ്മളൊരു ഷെർലോക് ഹോംസിനെ സൃഷ്ടിച്ചില്ല? രാഷ്ട്രീയക്കിംവദന്തികൾ അനുദിനം പടച്ചുവിടുവാൻ സമർത്ഥരായ നമ്മുടെ പത്രലേഖകരിൽ ചിലരെങ്കിലും ഈ പന്ഥാവിലേക്കു തിരിഞ്ഞിരുന്നെങ്കിൽ ഈ ശാഖയിലും നമുക്കു ദാരിദ്ര്യം ഉണ്ടാകയില്ലായിരുന്നു; വർഗ്ഗീയപ്പിരിമുറുക്കങ്ങൾക്ക് ഒട്ടൊരയവും കിട്ടുമായിരുന്നു. പക്ഷെ വേണ്ടതു പലപ്പോഴും ഉണ്ടാകാറില്ലല്ലോ.

അതിരിക്കട്ടെ. മലയാളത്തിൽ അടുത്തകാലത്തുണ്ടായ കഥകളിൽ ഭൂരിപക്ഷവും സമകാലസാമൂഹ്യപ്രശ്നങ്ങളേയോ, മനസ്സിനെയോ അപഗ്രഥിച്ചു കാട്ടുന്നവയായിരുന്നു. ഇതിൽ മാനസികാപഗ്രഥനത്തിനും നാം വളരെയധികം മുന്നകെട്ടിട്ടുണ്ടെന്നു പറഞ്ഞുകൂടാ. ശബളോജ്ജ്വലങ്ങളായ മനോവൃത്തികളുടെ ഊടും പാവുമഴിച്ച്, അഗാധതയിലേക്ക്. ഊർന്നിറങ്ങുന്ന ഇഴകൾ തെരഞ്ഞെടുത്തു പരിശോധിക്കുവാൻ അസാമാന്യമായ നിരീക്ഷണശക്തിയും, മനശ്ശാസ്ത്രത്തിന്റെ വിതതപാതങ്ങളായ വിഭാഗങ്ങളിൽ സാമാന്യമായെങ്കിലും പരിചയവും വേണം. മനുഷ്യവ്യക്തിത്വത്തിന്റെ മുഖചിത്രങ്ങളെന്ന നിലയിൽ അവയ്ക്ക് മികച്ച പ്രാധാന്യമുണ്ടാകാമെന്നിരിക്കിലും, ഉപരിതലത്തിൽ നിന്ന് അധികം ആഴത്തിലിറങ്ങിച്ചെല്ലാത്ത ബഹുജനരുചി അവയെ അത്രയൊന്നും ആദരിക്കുമെന്നും ആശിച്ചുകൂടാ. അതിനാൽ സമകാലസാമൂഹ്യപ്രശ്നങ്ങളായി നമ്മുടെ മിക്ക കഥികന്മാരുടെയും കൈമുതൽ. അതങ്ങിനെയാവേണ്ടതുമാണ്. മനുഷ്യന്റെ സാമൂഹ്യജീവിതത്തേക്കാൾ അർത്ഥഗർഭമായി മറ്റെന്തുണ്ട് മനുഷ്യന്? സാക്ഷരതയും അധികമധികം പരക്കുകയും, മഹായുദ്ധക്ഷോഭങ്ങളെപ്പോലെയുള്ള രണ്ടാംമഹായുദ്ധം, ദേശീയസ്വാതന്ത്ര്യസമരം മുതലായ സംഭവങ്ങളും, അവയുടെ 'കലപ്പൊടിപ്പു'കളും ബഹുജനങ്ങളെക്കൊണ്ട്, വ്യക്തിയുടെ കുടുംബത്തിൽക്കവിഞ്ഞ പ്രശ്നങ്ങളെപ്പറ്റി ആലോചിപ്പിക്കുകയും ചെയ്തപ്പോൾ, സാമൂഹ്യവും സാമ്പത്തികവുമായ അനീതികളായി ഭൂരിഭാഗം കഥകളുടേയും 'തീം'. പഴയ റൊമാന്റിക് സാങ്കേതികരീതി മാറി, റിയലിസം, നാച്ചുറലിസം മുതലായ സാങ്കേതികപദ്ധതികൾ നടപ്പായി. സർറിയലിസം, സിംബലിസം മുതലായ അന്തർപ്രവാഹങ്ങളായ സങ്കേതമാർഗ്ഗങ്ങളിലും നമ്മുടെ കഥാകൃത്തുക്കൾ കാൽവെയ്ക്കാതിരുന്നില്ല. അതുകൂടി പറഞ്ഞാൽ

# താമരത്തൊപ്പി

പി. സി. കുട്ടികൃഷ്ണൻ

പണ്ടൊരു രാജാവുണ്ടായിരുന്നു. രാജാവിനു് ഒരു രാജ്ഞിയുമുണ്ടായിരുന്നു. അവളെ കല്യാണം കഴിച്ചതോടെ രാജാവു മററു വെപ്പാട്ടികളെയെല്ലാം ഉപേക്ഷിച്ചു. രാജ്ഞിയോടു അത്രയ്ക്കു പ്രേമമായിരുന്നു. അതിനു കാരണമുണ്ടു്; അവൾ ജന്മനാ രാജ്ഞിയായിരുന്നില്ല. രാജാവു ഒരു ദിവസം സായാഹ്നസവാരിക്കായി കുതിരപ്പുറത്തു കയറി തിരിച്ചു. അന്തിയുടെ മഞ്ഞക്കതിരുകൾ മറയാൻ തുടങ്ങുമ്പോഴേക്കും രാജാവു് ഒരു കുഗ്രാമത്തിൽ ചെന്നുചേർന്നു. രാജാവും കുതിരയും ക്ഷീണിച്ചിരുന്നു. അദ്ദേഹം കുതിരപ്പുറത്തുനിന്നു് ഇറങ്ങി ചുററും നോക്കി. വിജനമായ നീണ്ട നെൽവയലുകൾ മാത്രം. അദ്ദേഹം കുതിരയെ ഒരു മരത്തോപ്പിൽ തളച്ചു് ഒററയ്ക്കു ഗ്രാമത്തിനുള്ളിലേക്കു കടന്നു. അവിടെ ഒരു നവതരുണി കിണററിൽനിന്നു വെള്ളം കോരുന്നതാണു് അദ്ദേഹം ആദ്യം കണ്ടതു്.

"സുന്ദരി, എനിക്കു ദാഹിക്കുന്നു. അല്പം വെള്ളം തരാമോ?" രാജാവു ചോദിച്ചു.

"ധാരാളം തരാമല്ലോ." അവൾ തുടർന്നു:—"പിന്നെ, എന്റെ പേരു സുന്ദരിയെന്നല്ല, താമരഎന്നാണു്."

"താമരേ, കുറച്ചു വെള്ളം തരൂ."

രാജാവു കൈക്കുമ്പിളും കാട്ടി അവളുടെ മുമ്പിൽ കുമ്പിട്ടുനിന്നു. താമര സ്ഫടികംപോലെയുള്ള ജലം ഒഴിച്ചുകൊടുത്തു. കൂട്ടത്തിൽ, തന്റെ നിലാവിനൊത്ത പുഞ്ചിരിയും രാജാവിന്റെ മുഖത്തേക്കു് ഒഴുകുന്നതു് ആ പെൺകിടാവറിഞ്ഞില്ല.

അങ്ങിനെ, വയറിന്റെ ദാഹം തീർന്നപ്പോൾ രാജാവിനു ഹൃദയത്തിന്റെ ദാഹം ആരംഭിച്ചു.

"താമരേ, നീ ആരാണു്?"—രാജാവു ചോദിച്ചു.

"ഞാൻ ഈ ഗ്രാമത്തിലെ കൃഷിക്കാരനായ നീലന്റെ ഒടുക്കത്തെ മകളാണു്."

പിന്നെ, എന്താണു ചോദിക്കേണ്ടതെന്നു രാജാവിനു നിശ്ചയമുണ്ടായിരുന്നില്ല. അദ്ദേഹം നിന്നു പരുങ്ങി.

"അങ്ങു് എന്താണു നിന്നു പരുങ്ങുന്നതു്?"

"ഞാൻ ആരാണെന്നറിയാൻ താമരയ്ക്കു് ഉൽക്കണ്ഠയില്ലേ?"

"പറഞ്ഞാൽ കേൾക്കാം."

"ഞാൻ കുറെ ദൂരത്തുനിന്നു വരുന്നു. എന്റെ പേരു രാജാവു് എന്നാണു്?"

"അങ്ങു രാജാവാണോ!"—അവളുടെ നീൾമിഴികൾ അത്ഭുതംകൊണ്ടു വിടർന്നു. ആ വികാസത്തെ നോക്കിയാസ്വദിച്ചുകൊണ്ടു രാജാവു മറുപടി പറഞ്ഞു.

"എന്നെ ആളുകൾ രാജാവു് എന്നാണു വിളിക്കുന്നതു്."

"ഓ! അത്രയേ ഉള്ളു! ഞങ്ങളുടെ അമ്മാവന്റെ മകൻ ഒരുത്തനുണ്ടു. ചക്രവർത്തിയെന്നാണു പേരു്; അരക്കാശിനു ഗതിയില്ല."

അവൾ ആ നിലാവുപോലുള്ള മന്ദസ്മിതം ഒരിക്കൽക്കൂടി തൂവി. തിരുമനസ്സിലേക്കു ലഹരി പിടിച്ചു കഴിഞ്ഞു. അദ്ദേഹം ചോദിച്ചു:—

"താമരേ, ഞാനൊന്നു ചോദിക്കട്ടെ."

"എന്താണു്? അങ്ങേയ്ക്കു ഭക്ഷിക്കാൻ വല്ലതും വേണോ? ഞാൻ ഉടനെ കൊണ്ടുവരാം."

"വേണ്ട. എന്റെ ഹൃദയത്തിനാണു ദാഹം."

"ഓ! എന്നാൽ പശുവിൻപാലു തരാം."

"അതു ദാഹം വർദ്ധിപ്പിക്കയേ ഉള്ളു."

"ഛെ! ഈ ശാപന്മാരേ! പിന്നെ എന്തു ചെയ്യും. ശരി. തൈരും പഞ്ചസാരയും ചേർത്തു തരാം. വരൂ."

"അതൊന്നും വേണ്ട."

"പിന്നെ?"—അവൾ ദ്രുതഗതിയിൽ ഇമ വെട്ടിക്കൊണ്ടു രാജാവിന്റെ മുഖത്തേക്കു് ഒരു കുട്ടിയെപ്പോലെ നോക്കിനിന്നു.

"സുന്ദരീ...."

"താമര എന്നാണു് പേരു്."

"താമരേ, നിനക്കു് എന്റെ കൂടെ വരാമോ?"

"എവിടേയ്ക്കു്?"

"എന്റെ വസതിയിലേയ്ക്കു്. എന്റെ കൂടെ പാർക്കാൻ."

പെട്ടെന്നു താമരയുടെ മുഖഭാവം മാറി. ഒന്നുരണ്ടു് ഇടിമിന്നൽക്ഷണങ്ങൾ ആ മിഴികളിൽ പാഞ്ഞുകളിച്ചു:

---

യുടെ ഉപാധി—മീഡിയം—ആക്കിയുന്നു്. സമകാല രാഷ്ട്രീയസംഭവങ്ങളിലും സാമൂഹ്യ പ്രശ്നങ്ങളിലുമാണു് ഭൂരിഭാഗം വായനക്കാർക്കും രസം. അല്ലെങ്കിൽ അങ്ങിനെയാണു് നമ്മുടെ ധാരണ. അതിനാൽ അത്തരം പ്രശ്നങ്ങളെ മീഡിയമാക്കി കഥാകാരൻ കഥയെഴുതുന്നു. ഒരു അബ്സ്ട്രാക്ട് ചിത്രത്തിൽ വരുത്താവുന്ന രൂപം, ഒരു ജീവിത ദൃശ്യത്തിൽ വരുത്തുമ്പോഴാണു് ചിത്രകാരൻ കൂടുതൽ ആളുകളെ സേവിക്കുന്നതു്. കഥയെസംബന്ധിച്ചുള്ള വാസ്തവം തന്നെയാണു്, കവിതയിലും. ഇവയിൽ സാമൂഹ്യപ്രശ്നങ്ങൾ മീഡിയംആകാവു; ലക്ഷ്യം ആസ്വാദം അഥവാ കലാനുഭൂതി ആണു്. ആ കണ്ണുപിഴിപ്പിക്കാനാവില്ലെങ്കിൽ, ഒരു കഥയോ കവിതയോ ഒരു സാമൂഹ്യരാഷ്ട്രീയപ്രബന്ധമാം കലയാവല്ല. ഒരു നാടകത്തിലോ മഹാകാവ്യത്തിലോ നോവലിലോ സംഗതി കുറച്ചു വ്യത്യസ്തമാണു്. ഒരു ലഘുകവിതയുടെയോ ഗാനത്തിന്റെയോ ചെറുകഥയുടെയോ ചിത്രത്തിന്റെയോ ഏകതാനമായ രൂപം അവയിലില്ല. നാടകത്തിന്റെയും നോവലിന്റെയും മഹാകാവ്യത്തിന്റെയും രൂപം വാസ്തുശില്പ (architecture)ത്തോടടുത്തതത്രേ. അതിനാൽ അവയിൽ രൂപം പോലെ ശ്രദ്ധേയമാണു്, മീഡിയവും; ആസ്വാദത്തോടു സമകക്ഷമാണു് ഉപയോഗവും.